# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 2 : ഫിബ്രവരി 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

*ധർമ്മ ധർമ്മ തൊ സബ് കഹെ,*
*പർ സമഝെ ന കോയ്,*
*നിർമ്മൽ മൻ കാ ആചരൺ,*
*സത്യ ധർമ്മ ഹൈ സോയ്.*

ധർമ്മം ധർമ്മം പറയുമെല്ലാരും,
ധർമ്മം അറിയുന്നില്ലാരും,
നിർമ്മല മനസ്സിന്നാചരണം,
സത്യ ധർമ്മമിതാണല്ലോ.

— **എസ. എൻ. ഗോയങ്ക**

## അനിത്യ ദർശനം ചെയ്യുന്നതെന്തിനു വേണ്ടി?

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 37 ാം ഭാഗം)*

അനിത്യത്തിന്റെ ദർശനം ചെയ്തു ചെയ്ത്, അനിത്യത്തിനെപ്പറ്റി ഏതൊരു ആസക്തിയുണ്ടോ, അതിനെ ഭഞ്ജിക്കേണ്ടതുണ്ട്. പൂർണ്ണമായ രീതിയിൽ ഭഞ്ജിക്കേണ്ടതുണ്ട്. അനിത്യത്തിന്റെ എന്തു ദർശനം ചെയ്യാനാണ്? ഒരുപാടു തവണ ഇത്തരം പ്രശ്നം വന്നുകൊണ്ടേയിരിക്കുന്നു, ശിബിരത്തിൽ വന്ന സാധകരിൽ നിന്നും ഉയരാറുണ്ട്, എന്നാൽ സാധന ചെയ്തുചെയ്ത്, ആഴങ്ങളിൽ നിന്നും സത്യത്തിന്റെ ദർശനം ചെയ്തുചെയ്ത് അനേകം ചോദ്യങ്ങൾക്ക് സഹജമായ ഉത്തരം ലഭിക്കുന്നു. ജനങ്ങൾ വിപശ്യന ചെയ്യാൻ വന്നില്ലയോ അവരുടെ മനസ്സിൽ ഇത്തരം ചോദ്യം വളരെ സ്വാഭാവികമാണ് – അനിത്യത്തിന്റെ എന്തു ദർശനം ചെയ്യാനാണ്? നമ്മുടെ ലക്ഷ്യമാകട്ടെ നിത്യത്തിന്റെ പ്രാപ്തിക്കല്ലെ? അന്തിമ ലക്ഷ്യം നിത്യമാണ് എന്ന് വിപശ്യനയും സ്വീകരിക്കുന്നുണ്ട്. അപ്പോൾ പിന്നെ അനിത്യത്തിന്റെ ധ്യാനം എന്തിനു ചെയ്യണം? നിത്യത്തിന്റെ ധ്യാനം എന്തുകൊണ്ട് ചെയ്യുന്നില്ല?

സഹോദരാ, എങ്ങനെ ചെയ്യും? നിത്യം എന്താണ്, എങ്ങനെയാണ്? ഇതിനെപ്പറ്റി അല്പം പോലും അറിവില്ലല്ലോ! ഏതെങ്കിലും വായിച്ചു പഠിച്ച കാര്യം, ഏതെങ്കിലും കേട്ടുകേൾവിയുടെ കാര്യം; അതിന്റെ കല്പന വേണമെങ്കിൽ ചെയ്യാം. നിത്യം എങ്ങനെയാണ്, നിങ്ങൾക്ക് എങ്ങനെയറിയാനാണ്? അതിന്റെ അനുഭവം ഉണ്ടാകേണ്ടതുണ്ട്. അതിന്റെ ദർശനം ഉണ്ടാകേണ്ടതുണ്ട്. അതിന്റെ സാക്ഷാത്കാരം ഉണ്ടാകേണ്ടതുണ്ട്. എങ്ങനെയാണ് ആർക്കെങ്കിലും നിത്യത്തിന്റെ ദർശനമുണ്ടാകുക? അതിന്റെ മുന്നിൽ തടിച്ച തടിച്ച ആവരണം ഉണ്ട്. എങ്ങനെ ദർശനമാകും? ആ ആവരണങ്ങൾ തന്നെയല്ലെ മുന്നിൽ വരികയുള്ളു. ഈ ആവരണങ്ങളെ ദൂരികരിക്കണം. വിപശ്യന ഇതുതന്നെയാണ് ചെയ്യിക്കുന്നത്. ഈ തടിച്ച തടിച്ച ആവരണങ്ങൾ, അജ്ഞാനത്തിന്റെ ആവരണങ്ങൾ, മോഹത്തിന്റെ ആവരണങ്ങൾ, അവിദ്യയുടെ ആവരണങ്ങൾ, അവ നമ്മളെ അനിത്യത്തെതന്നെ നിത്യമെന്ന് വിശ്യസിപ്പിച്ചുകൊണ്ട് ഭ്രമിപ്പിക്കുകയാണ്. അനിത്യം തന്നെയാണ്, ക്ഷേത്രമാകട്ടെ അനിത്യത്തിന്റെ തന്നെയാണ്. ഉത്പാദമാകുന്നു, വ്യയമാകുന്നു; ഉത്പാദമാകുന്നു, വ്യയമാകുന്നു എന്നിട്ട് അതിൽ ഒരു മിഥ്യാരോപണം ചെയ്യുകയാണ് – നിത്യം ഇതുതന്നെയാണ്, നിത്യം ഇതു തന്നെയാണ് എങ്കിൽ അജ്ഞാനം തന്നെയായില്ലെ. അപ്പോൾ അവിദ്യ തന്നെ ആയി. അപ്പോൾ മോഹം തന്നെ ആയി. ഏതൊന്ന് വാസ്തവമായും നിത്യമാണോ, അതിൽ നിന്ന് ദൂരെ നില്ക്കുകയാണ്, തടസ്സം ഇതുതന്നെയാണ്. നിത്യം വരെ എത്തിച്ചേരുന്നതിനുള്ള ഏറ്റവും വലിയ തടസ്സം ഇതുതന്നെയാണ് എന്തെന്നാൽ ഏതൊന്ന് അനിത്യമാണോ, അത് മതിലുകൾ നിറുത്തിയിരിക്കുകയാണ്, അവയെ തകർക്കണം. അവ ആവരണം തീർത്തിരിക്കുകയാണ്, അവയെ വലിച്ചു കീറേണ്ടതുണ്ട്.

സൂര്യൻ ഉണ്ട്. സൂര്യന്റെ പ്രകാശം തീർച്ചയായും ഉണ്ട്. എന്നാൽ അതിനു മുന്നിൽ കട്ടിയുള്ള കറുത്ത കറുത്ത ഘനത്വമുള്ള മേഘം – സൂര്യനെ കാണാൻ പറ്റുന്നില്ല. അന്ധകാരം തന്നെ അന്ധകാരം. സൂര്യന്റെ പ്രകാശം കാണുന്നില്ല. സൂര്യൻ ഇത്തരത്തിലാണ് എന്ന് കേവലം കല്പന ചെയ്യുകയാണ്. സൂര്യന്റെ പ്രകാശം ഇത്തരത്തിലാണ്, എന്ന് കല്പന ചെയ്യുകയാണ. എങ്കിൽ എങ്ങനെ സൂര്യനെ കാണാൻ സാധിക്കും, എങ്ങനെ സൂര്യന്റെ പ്രകാശത്തെ കാണാൻ സാധിക്കും. ആ തടിച്ച, കറുകറുത്ത, ഘനമുള്ള മേഘങ്ങളെ –

അവയെ നീക്കം ചെയ്യാൻ തുടങ്ങണം. അവ നീങ്ങിപ്പോകുകയാണ്, നീങ്ങിപ്പോകുകയാണ്,. തടിച്ച, കറുകറുത്ത, ഘനമുള്ള മേഘങ്ങൾ നീങ്ങിപ്പോകുകയാണ് അപ്പോൾ ഘനം കുറഞ്ഞ വെള്ള മേഘങ്ങൾ അവശേഷിക്കുന്നു. അവയും നീങ്ങിയാൽ സൂര്യൻ അവിടെ തന്നെ ഉണ്ട്. സൂര്യന്റെ പ്രകാശം അവിടെതന്നെ ഉണ്ട്.

ഈ ഏതൊരു വിഘ്നമുണ്ടോയിരുന്നോ, തടസ്സമുണ്ടായിരുന്നോ, ബാധ ഉണ്ടായിരുന്നോ, അതിനെ ദൂരീകരിക്കേണ്ടതുണ്ട്. വിപശ്യന ഇതുതന്നെയാണ് ചെയ്യിക്കുന്നത്. പാളികളോട് പാളികൾ ഇല്ലാതാകുന്നു, ഇല്ലാതാകുന്നു.

പാളികൾ എന്തിന്റെയാണ്? ഈ ഏതൊന്ന് അനിത്യമാണോ അതിനെപ്പറ്റിയുള്ള ആഴത്തിലുള്ള ആസക്തി. ശരീരപ്രപഞ്ചത്തിന്റെ ദർശനം ചെയ്യുന്നു, ചിത്തപ്രപഞ്ചത്തിന്റെ ദർശനം ചെയ്യുന്നു മാത്രമല്ല രണ്ടും അനിത്യമാണ്.

ദർശനം ചെയ്തു ചെയ്ത്, ദർശനം രൂപത്തിന്റെയല്ല, നിറത്തിന്റെയല്ല, ആകൃതിയുടെയല്ല; അവയുടെ അനുഭവം ചെയ്തു ചെയ്തു കാര്യം മനസ്സിലാകാൻ തുടങ്ങും. ഇത് അനിത്യമല്ലെ! ആദ്യമാകട്ടെ കേവലം വിശ്വാസമായിരുന്നു എന്തെന്നാൽ ഈ ശരീരം അനിത്യമാണ്, നശ്വരമാണ്, ഭംഗുരമാണ്. ഈ ചിത്തം അനിത്യ മാണ്, നശ്വരമാണ്, ഭംഗുരമാണ്. ഒരു വിശ്വാസ മായിരുന്നു, നമ്മൾ വിശ്വസിക്കുകയായിരുന്നു. ശ്രദ്ധ കാരണം വിശ്വസിക്കുകയായിരുന്നു, അല്ലെങ്കിൽ ഇതിനെപ്പറ്റി അല്പം ബുദ്ധികൊണ്ട് ആലോചിച്ച്, തർക്കവിതർക്കം ചെയ്തു വിശ്വസിക്കുകയായിരുന്നു.

അറിയാനുള്ള ജോലിയാകട്ടെ ഒരിക്കലും ചെയ്തില്ല എങ്കിൽ എങ്ങനെ അറിയാനാണ്? ഇപ്പോൾ വിപശ്യന അറിയുന്നതിനുള്ള ക്ഷമത ജനിപ്പിക്കുന്നു. അറിയുകയാണ്. അയ്യോ, നോക്കൂ പ്രതിക്ഷണം ഉത്പ്പന്നമാകുന്നു, നഷ്ടമാകുന്നു, ഉത്പ്പന്നമാകുന്നു, നഷ്ടമാകുന്നു. ആരംഭത്തിൽ സ്ഥൂലസ്ഥൂല സത്യം, സ്ഥൂലസ്ഥൂല സംവേദനകൾ, ഘനത്ത സംവേദനകൾ – ഇപ്പോൾ ഉദയമായി, ഏതെങ്കിലും ഘനത്ത സംവേദനയുടെ ഉദയമായി – കുറച്ചു നേരം നില്ക്കുന്നു എന്നിട്ട് സമയമെടുത്ത് അതിന്റെ വ്യയം ആകുന്നു.

ഉദയമാകുന്നു, കുറച്ചു സമയത്തിനു ശേഷം വ്യയം ആകുന്നു. ഈ സ്ഥൂല സ്ഥൂല, ഘനീഭൂത സംവേദനകളുടെ രൂപത്തിൽ നമ്മൾ നമ്മുടെ ശരീരത്തെപ്പറ്റി അറിവുനേടിക്കൊണ്ടിരിക്കുകയാണ്. വലിയ വേദന വന്നു, വലിയ ഭാരം വന്നു, വലിയ സമ്മർദ്ദം വന്നു. ഇത് മുഴുവൻ ഘനീഭൂത സംവേദനകൾ ആണ്, ഉത്പന്നമായി, സമയമെടുത്ത് ഇല്ലാതായിത്തീർന്നു. സാക്ഷിഭാവത്തിൽ, നിഷ്പക്ഷ ഭാവത്തിൽ, സമതാഭാവത്തിൽ അതിനെ നോക്കി ക്കൊണ്ടു പോകുകയാണ്, അതിനെ അനുഭവം ചെയ്തുകൊണ്ടു പോകുകയാണ്. ഉത്പാദമാകുന്നു, സ്ഥിതമാകുന്നു ലയമാകുന്നു. ഇപ്രകാരം നോക്കി നോക്കി അതിന്റെ വിഭാജനം ആകാൻ തുടങ്ങുന്നു, വിഘടനം ആകാൻ തുടങ്ങുന്നു. അതിന്റെ ഛേദനമാകാൻ തുടങ്ങുന്നു, ഭേദനമാകാൻ തുടങ്ങുന്നു. മുറിഞ്ഞുമുറിഞ്ഞ്, മുറിഞ്ഞുമുറിഞ്ഞ് ആ സ്ഥൂല ഘനത്ത അനുഭൂതികൾ സൂക്ഷ്മ, സൂക്ഷ്മ, സംവേദനകളായി പരിവർത്തിതമായി ത്തീരുന്നു. ശരീരത്തിന്റെ ഈ സ്ഥൂല സത്യം ശരീരത്തിന്റെ സൂക്ഷ്മ സത്യത്തിലേക്ക് നയിക്കുന്നു.

കല്പനയല്ല, കേവലം ശ്രദ്ധയുടെ തലത്തിൽ വിശ്വസിക്കേണ്ട കാര്യമല്ല. കേവലം ബുദ്ധിയുടെ തലത്തിൽ തർക്കം ചെയ്ത് വിശ്വസിക്കേണ്ട കാര്യമല്ല. അനുഭൂതിയിൽ വരുകയാണ്. തരംഗം തന്നെ തരംഗം, തരംഗം തന്നെ തരംഗം. ഈ വേവ്ലങ്ത് അല്ലെങ്കിൽ ആ വേവ്ലങ്ത്. ഈ ഫ്രീക്വൻസി അല്ലെങ്കിൽ ആ ഫ്രീക്വൻസി.. തരംഗം തന്നെ തരംഗം, തരംഗം തന്നെ തരംഗം. അതിലു അധികം സൂക്ഷ്മം, സൂക്ഷ്മം, സൂക്ഷ്മം അവസ്ഥയിലേക്ക് പോകുന്നു. വളരെ ചെറിയ തരംഗങ്ങൾ. മുഴുവൻ ഘനത്വവും സമാപ്തമായി. മുഴുവൻ സ്ഥൂലതയും സമാപ്തമായി. സ്ഥൂലതയുടെ അടയാളം പോലുമില്ല. ഈ പുറമെ പുറമെ നിന്നും ഘനമായി തോന്നുന്ന ശരീരം, ഇത്ര സ്ഥൂലം, ഘനീഭൂതശരീരം, ഇപ്പോൾ കേവലം തരംഗം തന്നെ തരംഗം, തരംഗം തന്നെ തരംഗം. വളരം സൂക്ഷ്മമായ ചെറിയ ചെറിയ തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൽ തന്നെ തരംഗങ്ങൾ. അതിനാൽ ഉദയവ്യയം, ഉദയവ്യയം. വളരെ ശീഘ്രഗതിയിൽ ഉത്പാദവ്യയം, ഉദ്പാദവ്യയമായിപ്പോകുകയാണ്. അനിത്യത്തിന്റെ തന്നെ ക്ഷേത്രമല്ലെ! ഇവിടെ ഉത്പന്നമാകുന്നു, വ്യയമാകുന്നു, ഉത്പന്നമാകുന്നു പിന്നെ വ്യയമാകുന്നു. പ്രത്യക്ഷമായി അനുഭൂതിയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഉത്പാദമാകുന്നു വ്യയ മാകുനനു. ഉത്പാദമാകുന്നു, വ്യയമാകുന്നു.

അതിനെ അനിത്യത്തിന്റെ ക്ഷേത്രമായിട്ടു തന്നെ വിശ്വസിച്ചുകൊണ്ടു പോകും. എന്തെന്നാൽ സത്യം ഇതുതന്നെയാണ്. നിത്യമായ അവസ്ഥ ഇപ്പോൾ ദൂരെയാണ്. നിത്യമായ അവസ്ഥ വന്നാൽ അപ്പോൾ തരംഗങ്ങൾ ഇല്ല. ഉത്പാദവുമില്ല, വ്യയവുമില്ല. ഒന്നും ഉത്പാദമാകുന്നേയില്ല. ഒന്നും നഷ്ടമാകുന്നേയില്ല. ശരീരത്തിന്റെ മുഴുവൻ ക്ഷേത്രവും – ഇതിന്റെ അതിക്രമണം ആകണം – അപ്പോൾ ആ നിത്യമായ അവസ്ഥ പ്രാപ്തമാകും. ഈ മുഴുവൻ ചിത്തത്തിന്റെ ക്ഷേത്രം – അതിന്റെ അതിക്രമണം ആകണം – അപ്പോൾ ആ നിത്യമായ തരംഗാതീതമായ ആ അവസ്ഥ പ്രാപ്തമാകും. അവിടെ ഒന്നും തന്നെ ഉത്പന്നമാകുന്നില്ല, അവിടെ ഒന്നും തന്നെ വ്യയമാകുന്നില്ല. ഇന്ദ്രിയാതീതമാണ്. അവിടെ ഇന്ദ്രിയങ്ങൾ ജോലി ചെയ്യില്ല.

എന്നാൽ ഈ വഴിയിൽ നടന്നു നടന്ന് ഇടക്കിടക്ക് ഇത്തരം അവസ്ഥകളും വരുന്നു, ഇത്ര ആനന്ദം, ഇത്ര ആനന്ദം അപ്പോൾ വിചാരിക്കുന്നു മതി, അന്തിമലക്ഷ്യം പ്രാപ്തമായി. വിപശ്യനയുടെ വിവേകമുള്ള സാധകനാണെങ്കിൽ അപ്പോൾ തന്നെത്താൻ പരിശോദിക്കുന്നു. എന്താ സത്യമായും നിത്യമായ അവസ്ഥയാണോ വന്നിരിക്കുന്നത്? ഇതിൽ ഒരു ഉത്പാദവ്യയമും ഇല്ലേ? ഇതിൽ ഒരു തരംഗവും ഇല്ലേ? വളരെ ആഴത്തിൽ വളരെ സൂക്ഷമമായ അവസ്ഥയിൽ പിടികിട്ടുന്നില്ല, തരംഗങ്ങളെ പിടി കിട്ടുന്നില്ല, അപ്പോൾ ചിലപ്പോൾ ഒരു ഭ്രമമുണ്ടാകുന്നു, നോക്കൂ, ഈ തരംഗാതീതമായ അവസ്ഥ പ്രാപ്തമായി എന്ന്. ഇപ്പോൾ നിത്യം പ്രാപ്തമായി. അപ്പോൾ വിവേകമുള്ള സാധകനാണെങ്കിൽ തന്നെതന്നെ പരിശോദിക്കുന്നു. എന്റെ കണ്ണുകൾ ജോലി ചെയ്യുന്നുണ്ടോ? കണ്ണ് തുറന്ന് നോക്കുന്നു, ജോലി

ചെയ്യുന്നുണ്ട്. കാത് കേൾക്കുന്നുണ്ട്, മൂക്ക് മണക്കുന്നുണ്ട്. തൊലിയിൽ നുള്ളി നോക്കുന്നു, ഇതു ജോലി ചെയ്യുന്നുണ്ട്. അയ്യോ, ഇപ്പോൾ ഇന്ദ്രിയങ്ങളുടെ ക്ഷേത്രം തന്നെയല്ലെ? എല്ലാ ഇന്ദ്രിയങ്ങളും ജോലി ചെയ്യുന്നുണ്ട്. ഇന്ദ്രിയാ തീതമായിട്ടില്ലല്ലോ?

ഇന്ദ്രിയാതീത അവസ്ഥയാകട്ടെ സത്യമായും നിത്യം, ശാശ്വതം, ധ്രുവം, ഏകരസമായ അവസ്ഥയാണ്, അവിടെ ഇന്ദ്രിയങ്ങൾ തീർത്തും പ്രവർത്തിക്കില്ല. ആ അവസ്ഥ എത്ര ക്ഷണങ്ങൾ വരെയുണ്ടോ – അത്ര ക്ഷണങ്ങൾ വരെ ഇന്ദ്രിയങ്ങൾ പ്രവർത്തിക്കില്ല. അതിനാൽ സാധകൻ പരിശോധിച്ചു നോക്കുന്നു, എങ്ങാനും ഭ്രാന്തി യില്ലല്ലോ? ആ അവസ്ഥ അനുഭൂതിയിൽ വരേണ്ടതുണ്ട്. അതിന്റെ കേവലം കല്പന മാത്രം ചെയ്തു കൊണ്ടു പോകുകയാണ് എങ്കിൽ എന്തു ലഭിക്കാനാണ്? വഞ്ചനയാകില്ലെ? എന്നാൽ അനുഭൂതിയായി – ക്ഷണനേരത്തേക്ക് ആയി, കുറച്ചു സെക്കൻഡുകൾക്കായി, കുറച്ചു മിനിട്ടുക്കൾക്കായി, കുറച്ചു പേർക്കാകട്ടെ കുറച്ചു മണിക്കൂറുകൾക്കായി. ആ ഇന്ദ്രിയാതീത അവസ്ഥയിൽ നിന്നും വീണ്ടും ഇന്ദ്രിയാവസ്ഥയിൽ വരുന്നു, വീണ്ടും ഇന്ദ്രിയങ്ങൾ ജോലി ചെയ്യാൻ തുടങ്ങി. എന്തു പറയാനാണ്? ആ അവസ്ഥയേപ്പറ്റി എന്തു പറയാനാണ്? സംസാരം നിന്നു പോകുന്നു.

ആരെങ്കിലും അതിനെപ്പറ്റി പറയുകയാണ്, ആരെങ്കിലും അതിനെപ്പറ്റി മനസ്സിലാക്കി ക്കൊടുക്കാൻ ശ്രമിക്കുകയാണ് – ഇങ്ങനെ അനുഭവമായി, ഇങ്ങനെ അനുഭവമായി. ആ ഇന്ദ്രിയാതീതമായ നിത്യ, ശാശ്വത, ധ്രുവം ഇങ്ങനെയാണ്, ഇങ്ങനെയാണെന്ന് പറയുകയാ ണെങ്കിൽ മനസ്സിലാക്കുക, ഇയാൾക്ക് അനുഭവ മായില്ല. അനുഭവമായി എങ്കിൽ പറയാൻ സാധിക്കില്ല. മഹർഷിക്ക് അനുഭവമായി അതിനാൽ പറയുകയാണ് – പറയുന്നവർക്ക് അറിഞ്ഞിട്ടില്ല എന്നാൽ അറിഞ്ഞവന് പറയാനും കഴിയില്ല, അറിഞ്ഞാൽ പറയാനേ സാധിക്കില്ല.

'ബോലെ സൊ ജാനെ നഹി, ജാനെ ബോൾ ന പായ

ഗൂംഗെ കി സാ ശർക്കരാ, ചാഖ് ചാഖ് മുസ്ക്കായ'

മൂകനായ വ്യക്തി ശർക്കര കഴിച്ചു. എന്തു പറയാനാണ്? ഇവൻ എന്തോ കഴിച്ചു എന്ന് അവന്റെ ചിറിച്ച മുഖം പറയും. വായെക്കൊണ്ട് എന്തു പറയാനാണ്? പറയാനേ സാധിക്കില്ല. എങ്ങനെ പറയാനാണ്? ആർക്ക് ഇന്ദ്രിയങ്ങൾക്ക് അപ്പു റത്തുള്ള അനുഭവമുണ്ടായോ, അതിനെ ഇന്ദ്രിയങ്ങൾ വഴി മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമോ? കൂടാതെ ഇന്ദ്രിയങ്ങളുടെ ക്ഷേത്രത്തിലുള്ള ജനങ്ങൾ അതിനെ മനസ്സിലാക്കാൻ കഴിയുമോ? അയ്യോ, സംഭവിക്കാവുന്ന കാര്യമല്ല.

ആ അവസ്ഥവരെ എത്തിച്ചേർന്നാലെ അനുഭവമാകുകയുള്ളു. അപ്പോൾ നിത്യം ഇതാണ്, ശാശ്വതം ഇതാണ് എന്ന് അറിയും. ആ തരംഗത്തിനപ്പുറത്തുള്ള അവസ്ഥ – അത് അമരമാണ്, അജരമാണ്, നിത്യമാണ്, ശാശ്വതമാണ്, ധ്രുവമാണ്, ഏകരസമാണ്. അനുഭൂതിയിൽ വരുന്നു, അപ്പോൾ ശരിയായ അർത്ഥത്തിൽ അതിന്റെ സാക്ഷാത്കാരമായി. അല്ലെങ്കിൽ ഏതെങ്കിലും ഇടക്കുള്ള സത്രത്തിലാണ്, വളരെ നന്നായി തോന്നി. ഈ അവസ്ഥ വന്നു, വളരെ ഇഷ്ടമായി. ഇപ്പോൾ ലഭിച്ചു, ഇപ്പോൾ നിത്യം, ശാശ്വതം, ധ്രുവും ലഭിച്ചു. വിവേകമില്ലാത്തവനാണെങ്കിൽ ഇടക്കുള്ള സത്ര ത്തിൽ കുരുങ്ങും. വിവേകമുള്ളവനാണെങ്കിൽ മുന്നേറിക്കൊണ്ടു പോകും, മുന്നേറിക്കൊണ്ടു പോകും.

മുഴുവൻ ശരീരത്തിലും തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൾ തന്നെ തരംഗങ്ങൾ. ചിത്തം മുഴുവൻ തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൾ തന്നെ തരംഗങ്ങൾ. ഒരു സ്ഥാനം ശരീരത്തിൽ അത്തരത്തിൽ ലഭിക്കുന്നു – ഇവിടെ അല്പം ഘനമുള്ളതായി തോന്നുന്നു. പെരു വിരലിന്റെ അത്രസ്ഥാനം. ഇവിടെ ഘനത്വമുള്ളതായി തോന്നുന്നു. ഇത് ഘനത്വമുള്ളതാണ് എന്നാ ഭ്രമമാണ്. ബാക്കി എല്ലാം തന്നെ തരംഗങ്ങൾ തന്നെ തരംഗങ്ങളാണല്ലോ. കഴിഞ്ഞു, ഇതു തന്നെയാണ് നിത്യം, ശാശ്വതം, ധ്രുവം എന്ന് വിചാരിക്കുന്നു. വീണ്ടും വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. അപ്പോൾ വിവേകമുള്ള സാധകനാണെങ്കിൽ അതിനെയും വളരെ ശ്രദ്ധയോടെ, പ്രജ്ഞയോടെ നോക്കും. തുളച്ചു കയറുന്ന പ്രജ്ഞ, ഛേദനം, ഭേദനം ചെയ്യുന്ന പ്രജ്ഞ. അതു മുറിയാൻ തുടങ്ങി. വിഘടനമാകാൻ തുടങ്ങി. വിഭാജനം ആകാൻ തുടങ്ങി. അതിന്റെ വിശ്ലേഷണാത്മകമായ പഠനം നടക്കാൻ തുടങ്ങി. അനുഭൂതിയുടെ തലത്തിൽ വിഭജനം ആയി ആയി ഒരു എള്ളിന്റെ അത്ര സ്ഥലം ബാക്കിയായി.

ഇപ്പോൾ പ്രാപ്തമായി. ഇതിൽ ഒരു തരംഗവുമില്ല. ഈ തരംഗാതീതമായ അവസ്ഥ പാപ്തമായി. അയ്യോ, ഇല്ല സഹോദരാ, ഇപ്പോൾ ദൂരെയാണ്. വിവേകമുള്ള സാധകനാണെങ്കിൽ അതിനെയും ഛേദിച്ചുകൊണ്ട്, ഭേദിച്ചുകൊണ്ട്, പ്രജ്ഞയാൽ നോക്കി–നോക്കി, അതിന്റെയും വിഭജനം ആകാൻ തുടങ്ങി. അതും തരംഗം തന്നെ തരംഗം, തരംഗം തന്നെ തരംഗം. എന്നിട്ടു പിന്നെ ഈ അവസ്ഥ വരുന്നു, ഏതു ക്ഷണത്തിലും വരാവുന്നത് 'ഛിദന്തി ഹൃദയഗ്രന്ഥി, ഭിന്തതി സർവ്വ സംശയ'. അയ്യോ, ഇപ്പോൾ മുഴുവൻ സംശയവും അകന്നു പോയി. മുഴുവൻ ശങ്കകളും ദൂരമായി. മുഴുവൻ ഭ്രാന്തിയും ദൂരമായി. മുഴുവൻ ഭ്രമവും ദൂരീകരിക്കപ്പെട്ടു. ആ എള്ളുപോലുള്ള സ്ഥലവും, അതിന്റെയും വിഭജനമായി, അതും ഛേദിക്കപ്പെട്ടു. അപ്പോൾ ഋഷി പറയുകയാണ്. 'ഠാക്കൂർ മില് ഗയാ തില് ഓലെ, സായി മിൽ ഗയാ തിൽ ഓലെ'. ഈ ബിന്ദുവും മുറിഞ്ഞു. അപ്പോൾ ആ നിത്യ, ശാശ്വത ധ്രുവമായ അവസ്ഥ നേടി.

'മന് മഗന് ഭയാ, അബ് ക്യാ ബോലെ, സായി മില് ഗയാ തില് ഓലെ'.

ആ അവസ്ഥയെപ്പറ്റി എന്തു പറയാനാണ്? പറയാനെ കഴിയില്ല?. എങ്ങനെ പറയാനാണ്? എന്ത് അവസ്ഥയാണ് ആർക്ക് എങ്ങനെ മനസ്സിലാക്കി ത്തരാൻ പറ്റും? അനുഭവിക്കാനുള്ള അവസ്ഥയാണ്, പറയാനുള്ളതല്ല. അനിർവ്വചനീയമാണ്. അവർണ്ണ നീയമാണ്. ഒരു ശബ്ദത്തിനും അതിന്റെ വ്യാഖ്യ ചെയ്യാൻ കഴിയില്ല. അനുഭൂതിയിൽ വരേണ്ട തുണ്ടല്ലോ. അനുഭൂതിയിൽ വന്നാൽ അപ്പോൾ വ്യക്തി മാറും. അനാര്യനായിരുന്നു, ആര്യനായി മാറി. വിവരമില്ലാത്തവനായിരുന്നു, പരമ പ്രജ്ഞാവാനായിത്തീർന്നു.

ഈ ജോലി തന്നെയാണ് ചെയ്യേണ്ടത്. അതിന്റെ വ്യാഖ്യാനമല്ല. ആ അവസ്ഥയുടെ വ്യാഖ്യാനം ചെയ്തതുകൊണ്ട് കാര്യം നടക്കില്ല. അതിന്റെ അനുഭവം ആകണം. അനുഭവം ആകണം. ഒരു സന്യാസിയുടെ പിന്നാലെ ആരോ കൂടി – പറയൂ അത് എന്താണ്? അയ്യോ സഹോദരാ എന്തു പറയാനാണ്? അവിടെ സൂര്യന്റെ പ്രകാശമല്ല. ചന്ദ്രന്റെ പ്രകാശമല്ല. നക്ഷത്രങ്ങളുടെ പ്രകാശമല്ല. അവിടെ ഇരുട്ടുമില്ല. ഇരുട്ടുമില്ല പ്രകാശവുമില്ല. അയ്യോ, എന്താണ്? ഒന്നുമില്ല. ഇതുമില്ല, ഇതുമില്ല. ഇന്ദ്രിയ ലോകത്തിൽ എത്ര കാര്യങ്ങളുണ്ടോ അത് ഒന്നും തന്നെയില്ല. അത് ഇന്ദ്രിയാതീത അവസ്ഥയാണ്. ഇന്ദ്രിയങ്ങൾക്ക് അപ്പുറത്തുള്ള അവസ്ഥയാണ്. ശരീരത്തിനും ചിത്തത്തിനും അപ്പുറത്തുള്ള അവസ്ഥയാണ്. എന്തു പറയാനാണ് എങ്ങനെ പറയാനാണ്?

അതിന് ഒരു നിറവുമില്ല, ഒരു രൂപവുമില്ല. എന്തു വ്യഖ്യാനം ചെയ്യാനാണ്. ജനങ്ങൾ പിന്നാലെ കൂടുന്നു. അപ്പോൾ പാവം എന്തു ചെയ്യും? ഇത്രമാത്രം പറയുകയാണ് ആരെ നീ രാമനെന്ന് വിളിക്കുന്നോ, ആരെ നീ രഹീം എന്നു വിളിക്കുന്നുവോ, ആരെ നീ ഈശ്വരനെന്നു വിളിക്കുന്നുവോ, ആരെ നീ ആത്മാവെന്നു വിളിക്കുന്നുവോ, ആരെ നീ അള്ളാഹുവെന്നു വിളിക്കുന്നുവോ, ഞാൻ അതിനെ എങ്ങനെ വ്യാഖാനിക്കും? എന്തെന്നാൽ

'രൂപ് നഹി, രേഖ് നഹി,

രൂപ നഹി, രംഗ് നഹി,

ശ്വേത് നഹി ശ്യാമ നഹി'.

അദ്ദേഹത്തിന് രൂപമില്ല, അദ്ദേഹത്തിന് നിറമില്ല.. അദ്ദേഹം വെളുപ്പല്ല, കറുപ്പല്ല.

രൂപ് നഹി, രേഖ് നഹി,

ശ്വേത് നഹി ശ്യാമ നഹി,

തും സദാ ഏകരസ്,

തും സദാ ഏകരസ് രാമജി, രാമജി'

ഏകരസമാണ്. തരംഗങ്ങളില്ല. ഉത്പാദം ഇല്ല, വ്യയം ഇല്ല. ഉദയമില്ല, വ്യയമില്ല. അതിന്റെ അനുഭവം ഉണ്ടാകേണ്ടതുണ്ട്! വെറും വാക്കുകളിൽ എന്തു ലഭിക്കാനാണ്? ആ അവസ്ഥവരെ എത്തി ച്ചേരേണ്ടതുണ്ട്. ആ അവസ്ഥവരെ എത്തി ച്ചേരുന്നതിന് ഏതൊരു തടസ്സങ്ങളുണ്ടോ, അവയെ ദൂരീകരിക്കേണ്ടതുണ്ട്.

നദിയുടെ ഈ തീരത്തിരുന്നുകൊണ്ട് നദിയുടെ മറുതീരത്തിന്റെ ദർശനം ചെയ്യാനാ ഗ്രഹിക്കുകയാണ്. അയ്യോ, ഇടക്കുള്ള ഇത് തടസ്സമല്ലെ! ഈ നദി ഒഴുകിക്കൊണ്ടിരിക്കുകയാണ്. രാഗത്തിന്റെ നദികൾ ഒഴകുകയാണ്, ദ്വേഷത്തിന്റെ നദികൾ ഒഴുകകയാണ്. മോഹത്തിന്റെ നദികൾ ഒഴുകകയാണ്, വികാരങ്ങളുടെ നദികൾ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഇവയെ മിറ കടക്കണം. ഇവയെ ഇല്ലാതാക്കണം. അപ്പോൾ മറുതടമാകട്ടെ അവിടെ തന്നെ ഉണ്ട്.

ഈ ഏതൊരു അനിത്യതയുടെ ആവരണമുണ്ടോ, അവയെ ദൂരീകരിക്കണം. നമുക്ക് അനിത്യം വളരെ നന്നായി തോന്നുന്നു, ഇതിനല്ല അനിത്യത്തിന്റെ ദർശനം ചെയ്യുന്നത്. ഇതിന്റെ ദർശനം ആയാൽ നമ്മൾ മുക്തരായിത്തീരും. നമ്മൾ മുഴുവൻ വീകാരങ്ങളിൽ നിന്നും മുക്തമായിത്തീരും. ഇത് എത്ര നശ്വരമാണ് എന്ന് മനസ്സിലാക്കണം. ഇവയുടെ ദർശനം ഇതിനാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഈ മുഴുവൻ ക്ഷേത്രവും ഉദയവ്യയം, ഉദയവ്യയം, ഉദയവ്യയത്തിന്റെ ക്ഷേത്രമാണ് കൂടാതെ ഇതിനെ 'ഞാൻ' എന്നു വിശ്വസിച്ചുകൊണ്ടുപോകുന്നു. ഇവയെ 'എന്റെ' എന്നു വിശ്വസിച്ചുകൊണ്ടു പോകുന്നു.

ഇതിനെപ്പറ്റി ഇത്ര ആഴത്തിലുള്ള താദാത്മ്യഭാവം സ്ഥാപിച്ച് ഒട്ടിയിരിക്കുകയാണ്. അപ്പോൾ ഇതിനപ്പുറത്തേക്ക് എങ്ങനെ എത്തി ച്ചേരും?

ഈ അനിത്യത്തിന്റെ ദർശനം, ഈ അനിത്യത്തിന്റെ അനുഭൂതി കേവലം ഇതിനാണ് ചെയ്തുകൊണ്ടിരിക്കുന്നത് എന്തെന്നാൽ ഇതിനെ പ്പറ്റി അറിവില്ലായ്മയാൽ, ആവിദ്യയുടെ കാരണ ത്താൽ, അജ്ഞാനത്തിന്റെ കാരണത്താൽ ഏത് ആഴത്തിലുള്ള ആസക്തി ജനിപ്പിച്ചോ, ആഭിമുഖ്യം ജനിപ്പിച്ചുവോ, അത് ദൂരീകരിക്കപ്പെടണം. അത് മുറിഞ്ഞാൽ, ഈ ആവരണം മുറിഞ്ഞു. സത്യം മുന്നിൽ വരാൻ തുടങ്ങി. ഇത് അനിത്യമാണ് സഹോദരാ! കേവലം പുസ്തകങ്ങളുടെ കാര്യമല്ല, ഗ്രന്ഥങ്ങളുടെ കാര്യമല്ല, കേട്ടുകേൾവിയുടെ കാര്യമല്ല, വായിച്ചുപഠിച്ച കാര്യമല്ല, ബുദ്ധിയാൽ വിശ്വസിച്ച കാര്യമല്ല. അനുഭൂതിയിൽ അറിയു കയാണ്, അനിത്യമാണ്.

സ്ഥൂലത്തിൽ നിന്നും സ്ഥൂല അവസ്ഥകളുടെ അനുഭവം ചെയ്ത് നോക്കി, അനിത്യമാണ്, ഉത്പ്പാദമാകുന്നു, അല്പ സമയത്തിനു ശേഷം വ്യയമായിത്തീരുന്നു. കൂടാതെ സൂക്ഷ്മത്തിൽ നിന്നും സൂക്ഷ്മ അവസ്ഥകളെയും കണ്ടു. വളരെ ചെറിയ ചെറിയ കുമിളകൾ ആണ്. കുമിളകളാണ്, തരംഗങ്ങളാണ്, ഉത്പാദമാകുന്നു, വ്യയമാകുന്നു. അയ്യോ, അനിത്യത്തിന്റെ ക്ഷേത്രമാണ്, ഇതിനെപ്പറ്റി ഇത്ര മമത്വം എങ്കിൽ ബന്ധനം തന്നെ ബന്ധനമല്ലെ. ഈ ബന്ധനത്തെ മുറിക്കേണ്ടതുണ്ട്.

സത്യത്തിന്റെ ദർശനം എത്ര ചെയ്തുപോകുമോ, അനിത്യത്തിന്റെ ദർശനം ചെയ്തു പോകുമോ, അതിനെപ്പറ്റി ആസക്തി മുറിഞ്ഞുകൊണ്ടുപോകുകയാണെങ്കിൽ അപ്പോൾ നമ്മൾ നിത്യത്തിലേക്ക് മുന്നേറിക്കൊണ്ടു പോകുകയാണ്, മുന്നേറിക്കൊണ്ടു പോകുകയാണ്. ആ സമയം വരിക തന്നെ ചെയ്യും. എപ്പോൾ വരും, പറയാൻ സാധിക്കില്ല. വരിക തന്നെ ചെയ്യും, അപ്പോൾ നിത്യത്തിന്റെ സാക്ഷാത്കാരം ആയിത്തീരും. ധ്രുവത്തിന്റെ സാക്ഷാത്കാരം ആയിത്തീരും. അമരതയുടെ സാക്ഷാത്കാരം ആയിത്തീരും. വളരെ മംഗളമായിത്തീരും. വഴി മുഴുവൻ അതുവരെ എത്തിച്ചേർക്കുന്നതിനാണ്. ചുവടുചുവട് മംഗളം തന്നെയാണ് ആയി ക്കൊണ്ടിരിക്കുന്നത്. എത്ര എത്ര ആസക്തി മുറിയുന്നോ, നന്മ തന്നെ നന്മ ആകുന്നു. ആര് ആസക്തികളെ മുറിച്ചുകൊണ്ട് മുന്നേറുന്നോ അവന്റെ മംഗളം തന്നെ മംഗളം. അവന്റെ നന്മ തന്നെ നന്മ. അവന് സ്വസ്തി തന്നെ സ്വസ്തി അവന് മുക്തി തന്നെ മുക്തി.